**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3812 | 19.2.2013-ൽ മറുപടിയ്ക്ക്

# പെൺവാണിഭസംഭവങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീമതി. കെ. എസ്. സലീഖ<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പെൺവാണിഭ സംഭവങ്ങൾ നാൾക്കനാൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് പെൺവാണിഭ സംഭവങ്ങൾ നാൾക്കനാൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇത്തരം സംഭവങ്ങളിൽ നിയമാനുസൃതവും ഊർജ്ജിതവുമായ നടപടികൾ സ്വീകരിക്കാത്തതു കൊണ്ടാണ് പ്രതികൾ രക്ഷപ്പെടുന്നതും വാണിഭങ്ങൾ വർദ്ധിക്കുന്നതെന്നും സർക്കാരിനറിയുമോ; നിയമാനുസരണം കർത്തവ്യനിർവ്വഹണത്തിലിടപെടാൻ പോലീസ് മേധാവികൾക്കുപോലും കഴിയാത്ത സാഹചര്യം ഇല്ലാതാക്കുമോ; | (ബി) പെൺവാണിഭ സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിലെല്ലാം കുറ്റവാളികളെ അറസ്റ്റ് ചെയ്ത് നിയമത്തിനു മുന്നിൽ കൊണ്ടുവരുവാൻ പോലീസ് കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. ഇത്തരത്തിൽ കുറ്റകൃത്യങ്ങൾ ചെയ്തിട്ട് ആരെയും രക്ഷപ്പെടാൻ അനുവദിക്കാത്തവിധം പഴുതില്ലാത്ത കുറ്റാന്വേഷണ രീതിയാണ് ടി കേസുകളിൽ പോലീസ് അവലംബിച്ച് വരുന്നത്. |
| (സി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിലുണ്ടായ എത്ര പെൺവാണിഭ കേസുകളിലെ എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനായി ബാക്കി നില്പുണ്ട്; എത്ര കേസുകളിൽ കുറ്റപത്രം സമർപ്പിക്കാൻ ബാക്കിയുണ്ട്; | (സി) കഴിഞ്ഞ രണ്ട് വർഷത്തിനിടെ രജിസ്റ്റർ ചെയ്യപ്പെട്ട പെൺവാണിഭ കേസുകളിൽ 19 എണ്ണത്തിലായി 32 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനായി ബാക്കി നിൽപ്പുണ്ട്. മേൽ കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ 26 എണ്ണത്തിൻമേൽ കുറ്റപത്രം സമർപ്പിക്കാൻ ബാക്കിയുണ്ട്. |

(ഡി) സ്ത്രീകൾ കൊല്ലപ്പെടുകയും ബലാത്സംഗത്തിനിരയാവുകയും പെൺകുട്ടികൾ പീഡനങ്ങൾക്കിരയാവുകയും ചെയ്തത് സംബന്ധിച്ച് കഴിഞ്ഞ രണ്ട് വർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ ?

(ഡി) സ്ത്രീകൾ കൊല്ലപ്പെടുകയും ബലാത്സംഗത്തിനിരയാവുകയും പെൺകുട്ടികൾ പീഡനത്തിനിരയാവുകയും ( Rape Cases) ചെയ്തത് സംബന്ധിച്ച് കഴിഞ്ഞ 2 വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| | 2011 | 2012 |
|---|---|---|
| Rape Cases | 1131 | 1021 |
| Murder Cases | 107 | 119 |
| Rape Cases ( Minor Girls) | 423 | 462 |

സെക്ഷൻ ഓഫീസർ